**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114** **27-06-2022 - ൽ മറുപടിയ്ക്ക്**

**സൈബർ കേസുകളുടെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ കേസുകളുടെ അന്വേഷണം ഏതു രീതിയിലാണ് നടത്തുന്നതെന്ന് വിശദമാക്കുമോ; ആയതിന് പോലീസിന് പ്രത്യേക പരിശീലനവും സാങ്കേതിക പരിജ്ഞാനവും നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | Cr.PC, IPC, IT Act, Indian Evidence Act തുടങ്ങിയവ അനുശാസിക്കുന്നത് പ്രകാരം സൈബർ ഫോറൻസിക് ടൂളുകളുടെ സഹായത്തോടെയാണ് സൈബർ കുറ്റകൃത്യങ്ങൽക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തി വരുന്നത്. C-DAC, C-DIT തുടങ്ങിയ സ്ഥാപനങ്ങളിൽ വച്ചും പോലീസ് ട്രെയിനിംഗ് കോളേജിലും കേരളാ പോലീസ് അക്കാഡമി എന്നിവിടങ്ങളിൽ വച്ചും സൈബർ മേഖലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | സൈബർ കേസുകൾ അന്വേഷിക്കുവാൻ പോലീസ് സ്റ്റേഷനുകളിലെ സൈബർ സെല്ലുകൾക്ക് കഴിയുന്നുണ്ടോയെന്ന് അറിയിക്കാമോ; ഇതിനായി പ്രത്യേക വൈദഗ്ധ്യം നേടിയവരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കഴിയുന്നുണ്ട്. സൈബർ കേസുകൾ അന്വേഷിക്കുവാനും സഹായിക്കുന്നതിനും ആയി പോലീസ് സ്റ്റേഷനുകളിലെ സൈബർ സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ആയതിലേക്കായി പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേകം വൈദഗ്യം ലഭിക്കുന്നതിലേക്കായി സൈബർ ക്രൈമുമായി ബന്ധപ്പെട്ട പരിശീലനം നൽകി വരുന്നു. |
| (സി) | സൈബർ കേസ്സുകളിലെ അന്വേഷണം വൈകുന്നതിലൂടെ പ്രതികൾ രക്ഷപ്പെടാനും ഇരകൾക്ക് നീതി നിഷേധിക്കപ്പെടാനും ഇടയാകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് റിപ്പോർട്ടാകുന്ന സൈബർ കേസുകളുടെ അന്വേഷണത്തിൽ കാലതാമസം കൂടാതെ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ പോലീസ് ജില്ല ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സൈബർ ക്രൈമുകൾ അന്വേഷണത്തിന് സാങ്കേതിക സഹായം നൽകുന്നതിനായി സൈബർ ഡോമുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. പോലീസ് ആസ്ഥാനത്ത് ഒരു ഹൈ-ടെക് ക്രൈം എൻക്വയറി സെൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | സ്ഥാപനവും സൈബർ ക്രൈം കേസുകളുടെ അന്വേഷണത്തിന് സാങ്കേതിക സഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ